**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3124** **25-06-2024 - ൽ മറുപടിയ്ക്ക്**

**ചിത്രാഞ്ജലി സ്റ്റുഡിയോയിലെ സൗണ്ട് മിക്സിംഗ് ലാബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സ്ഥാപിച്ചിട്ടുള്ള സൗണ്ട് മിക്സിംഗ് ലാബ് നിലവിൽ പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ എത്രകാലമായി ഈ ലാബ് തകരാറിലാണെന്ന് അറിയിക്കാമോ; | (എ) | ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ആരംഭകാലത്ത് പഴയ സാങ്കേതിക വിദ്യയോടുകൂടി നിർമ്മിച്ച സൗണ്ട് മിക്സിംഗ് തിയേറ്റർ (മിക്സിംഗ് ലാബ്) 2017-ൽ നവീന സാങ്കേതിക വിദ്യയായ ഡോൾബി അറ്റ്മോസ് സൗണ്ട് മിക്സിംഗിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് അത് പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചിട്ടില്ല. പക്ഷേ, അവിടെ സ്ഥാപിച്ചിരുന്ന 5.1/7.1 സൗണ്ട് മിക്സിംഗ് തിയേറ്റർ മറ്റൊരു കെട്ടിടത്തിലുള്ള 'ദൃശ്യ' എന്ന തിയേറ്ററിലേക്ക് മാറ്റി സ്ഥാപിച്ച് ഒരു തടസ്സവും കൂടാതെ ഇപ്പോഴും പ്രവർത്തിക്കുന്നു. |
| (ബി) | എത്ര തുക മുടക്കിയാണ് പ്രസ്തുത ലാബ് സ്ഥാപിച്ചിട്ടുള്ളത്; | (ബി) | 1980 കളുടെ പ്രാരംഭഘട്ടത്തിൽ സ്ഥാപിതമായതിനാൽ നിർമ്മാണ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. |
| (സി) | തകരാറ് പരിഹരിച്ച് ലാബ് അടിയന്തരമായി പ്രവർത്തനക്ഷമമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | മെയിൻ റിക്കോർഡിംഗ് തിയേറ്റർ നൂതന സാങ്കേതിക വിദ്യയായ അറ്റ്മോസ് സൗണ്ട് മിക്സിംഗ് തിയേറ്റർ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ